(സി) ഈ സ്ഥാപനം സ്ഥാപിക്കുന്നതിനു ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണു വിഭാവനം ചെയ്യുന്നത്;

(ഡി) പ്രസ്തുത സർവകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ ഫുൾടൈം സേവനം ലഭ്യമാക്കുന്നതിനു റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലായെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനു സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആണ്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കാമ്പസിലെ എം.ബി.എ. ബിൽഡിംഗിലാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ് എന്നിവരെ നിയമിച്ചിട്ടുണ്ട്. വി.സി. ആയി ഡോ. കുഞ്ചെറിയ പി. ഐസക്; പി.വി.സി. ആയി ഡോ. അബ്ദുൾ റഹ്മാൻ എന്നിവർ 2014 സെപ്റ്റംബർ 1-നും, രജിസ്ട്രാർ ഇൻ-ചാർജായി ഡോ. ജി.പി. പത്മകുമാർ 2014 നവംബർ 20-നും ചുമതലയേറ്റെടുത്തിട്ടുണ്ട്.

(സി) ഇല്ല. 100 ഏക്കർ ഭൂമിയാണ് വിഭാവനം ചെയ്യുന്നത്.

(ഡി) സർവ്വകലാശാല സ്ഥാപിക്കുന്നതിന് സീനിയർ ഡെപ്യൂട്ടി കലക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടില്ല.

ഹയർസെക്കണ്ടറി സ്കൂളുകളിലെ സന്നദ്ധ സംഘടനകൾ

94 (4725) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന വാളണ്ടിയർമാർക്ക് വ്യത്യസ്ത ഗ്രേസ് മാർക്കുകളാണ് അനുവദിക്കുന്നതെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എൻ.എസ്.എസ്.-ന് രണ്ട് ശതമാനം മാത്രം ഗ്രേസ് മാർക്ക് നൽകുന്നത് വാളണ്ടിയർമാരുടെ ആത്മവീര്യവും താൽപ്പര്യവും കുറയ്ക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എല്ലാ വിഭാഗം സന്നദ്ധ സംഘടനകളുടെയും ഗ്രേസ് മാർക്ക് ഏകീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, ഭൂമിത്ര സേനാ ക്ലബ്ബ്, സൗഹൃദ ക്ലബ്ബ് തുടങ്ങിയ സന്നദ്ധ സംഘടനകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

റവന്യൂ ഭൂമിയിൽ ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമിയുടെ വിവരം

95 (T. 4726) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റവന്യൂ ഭൂമി ലീസിനു കൊടുത്തിട്ടുള്ളതും അല്ലാതെയും അന്യ കൈവശം ഉള്ളതും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ ആദിവാസികൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള ഭൂമി എത്ര;

(സി) ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമി മുഴുവൻ വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആദിവാസികൾക്ക് നീക്കിവച്ച ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശം ഉണ്ടോ; ഉണ്ടെങ്കിൽ പേര് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം

96 (4727) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്ക് വരവ്, സ്ഥലം അളന്നു തിട്ടപ്പെടുത്തൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly